# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>______________<br>JANUARY 04 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### സന്നിധാനത്ത് ഉന്നതതല യോഗം ചേർന്നു

മകരവിളക്ക് ഉത്സവത്തിനായി നട തുറന്ന ശേഷം ശബരിമല സന്നിധാനത്തെ പ്രവര്ത്തനങ്ങള് വിലയിരുത്തുന്നതിനും കൂടിയാലോചിക്കുന്നതിനുമായി വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേര്ന്നു. കോവിഡ് മാനദണ്ഡങ്ങള് പാലിക്കുന്നതില് യാതൊരു വിധ വിട്ടുവീഴ്ചയും പാടില്ല എന്നു ശബരിമല എക്സിക്യുട്ടിവ് ഓഫീസര് വി.എസ്. രാജേന്ദ്രപ്രസാദ് യോഗത്തില് പറഞ്ഞു. അരോഗ്യ വകുപ്പിന്റെ എല്ലാ നിര്ദേശങ്ങളും പാലിച്ചുകൊണ്ടുള്ള പ്രവര്ത്തനങ്ങളാണ് സന്നിധാനത്ത് നടന്നു വരുന്നത്. കോവിഡ് പശ്ചാത്തലത്തില് ശബരിമലയില് എത്തുന്ന ഭക്തര്ക്ക് നേരിട്ട് നെയ്യഭിഷേകത്തിനുള്ള അവസരമില്ല. അഭിഷേകം ചെയ്ത നെയ്യ് ഭക്തര്ക്ക് ലഭ്യമാക്കുന്നതിന് മരാമത്ത് കോംപ്ലക്സിനു താഴെയായി കൗണ്ടറുകള് തുറന്നിട്ടുണ്ട്. ഇവിടെ നിന്നും അഭിഷേകം ചെയ്ത നെയ്യ് ലഭിക്കുന്ന സമയം ഉച്ചയ്ക്ക് രണ്ട് മണി വരെയാക്കി ദീര്ഘിപ്പിച്ചിരുന്നു. ആവശ്യമെങ്കില് സമയം ഇനിയും ദീര്ഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.മാളികപ്പുറത്തിനു സമീപം അന്നദാന മണ്ഡപത്തില് ചേര്ന്ന യോഗത്തില് ശബരിമല പോലീസ് സ്പെഷ്യല് ഓഫീസര് കെ രാധാകൃഷ്ണന് അധ്യക്ഷത വഹിച്ചു.ഫയര്ഫോഴ്സിന്റെ നേതൃത്വത്തില് സന്നിധാനവും പരിസരവും ഒന്നിടവിട്ട ദിവസങ്ങളില് കഴുകി വൃത്തിയാക്കും. വാട്ടര് അതോറിറ്റി സാന്നിധാനത്ത് ജലത്തിന്റെ ലഭ്യത ഇടതടവില്ലാതെ ഉറപ്പാക്കിയിട്ടുണ്ട്. എക്സൈസ് കുന്നാര് ഡാമിലേക്കുള്ള വഴിയില് പരിശോധന ഊര്ജിതമാക്കിയിട്ടുണ്ട്. മകരവിളക്കിന് മുന്നോടിയായി ആവശ്യമെങ്കില് ശരണ

പാതയില് കൂടുതല് ലൈറ്റുകള് സ്ഥാപിക്കാനുള്ള ക്രമീകരണങ്ങള് കരുതിയുണ്ടെന്ന് കെ.എസ്.ഇ ബി ഉദ്യോഗസ്ഥര് അറിയിച്ചു. കൊതുക് നിവാരണത്തിനായി ഫോഗിങ്ങ് നടത്തി വരുന്നുണ്ട്. ഇത് കൂടുതല് ഇടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും. യോഗത്തില് എ.എസ്.ഒപദം സിങ്ങ് സ്വാഗതം പറഞ്ഞു. സന്നിധാനം എക്സിക്യൂട്ടിവ് മജിസ്ട്രേറ്റ് സത്യപാലന് നായര്, ഡ്യൂട്ടി മജിസ്ട്രേറ്റ് കെ. മനോജ്, എക്സിക്യുട്ടിവ് മജിസ്ട്രേറ്റ് എസ്. രാജശേഖരന് വിവിധ വകുപ്പുകളിലെ മുതിര്ന്ന ഉദ്യോസ്ഥര് എന്നിവര് പങ്കെടുത്തു.

**(പി.ആര്. ശബരി - (163)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 04 | 2021 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**ശബരിമലയിലെ നാളത്തെ ചടങ്ങുകള് (05.01.2021)**

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
6 മണി മുതല് 7 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
7.45 ന് ...ബ്രഹ്മരക്ഷസ് പൂജ
8 ന് ....ഉദയാസ്തമന പൂജ
9 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
11.45 ന് ....25 കലശാഭിഷേകംതുടർന്ന് കളഭാഭിഷേകം
12.30 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന് ദീപാരാധന
6.45 മുതല് പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

(പി.ആര്‍. ശബരി - (164)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.